# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1316

02..03..2017 -ൽ മറുപടിയ്ക്ക്

## കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

| *ചോദ്യം* | *ഉത്തരം* |
| --- | --- |
| ശ്രീ. എം.സ്വരാജ്<br>ശ്രീ. പി.ടി.എ.റഹിം<br>ശ്രീ. വി.ജോയി<br>ശ്രീ. കാരാട്ട് റസാഖ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള എഞ്ചിനീയറിംഗ് കോളേജുകൾ എ.ഐ.സി.ടി.ഇ. നിഷ്ക്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന പരിശോധന ശരിയായ രീതിയിൽ നടത്താതെയാണ് കേരളശാസ്ത്ര സാങ്കേതിക സർവകലാശാല ഇവയ്ക്ക് അഫിലിയേഷൻ നൽകുന്നതും പുതുക്കി നൽകുന്നതുമെന്ന പരാതിയെ കുറിച്ച് അന്വേഷണം നടത്തിയിട്ടു ണ്ടോ; | (എ) എ.ഐ.സി.ടി.ഇ. നിബന്ധന പാലിക്കണമെന്ന കർശന നിർദ്ദേശത്തോടെയാണ് കേരള ശാസ്ത്ര സാങ്കേതിക സർവകലാശാല അഫിലിയേഷൻ നൽകുന്നത്. പ്രസ്തുത നിബന്ധനകൾ പാലിക്കാത്ത സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ അംഗീകാരം റദ്ദാക്കുന്നതിനുള്ള നടപടികൾ സാങ്കേതിക സർവകലാശാല സ്വീകരിക്കാറുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സർവകലാശാലയിൽ മറ്റു സർവകലാശാലകളുടേതിൽ നിന്നു വ്യത്യസ്ത മാതൃകയിൽ വിവിധ ഉന്നത തസ്തികകൾ സൃഷ്ടിച്ചിരിക്കുന്നു എന്ന പരാതി യെക്കുറിച്ച് പരിശോധിച്ചിട്ടു ണ്ടോ ; | (ബി) | ജി.ഒ.(എം.എസ്) നം.1/2016/ ഉ.വി.വ തീയതി 01.01.2016 -ലെ ഉത്തരവ് പ്രകാരമാണ് പ്രസ്തുത സർവ്വകലാശാലയിൽ വിവിധ തസ്തികകൾ സൃഷ്ടിക്കപ്പെട്ടത്. ആയത് പ്രകാരം മറ്റ് സർവ്വകലാ ശാലയിൽ നിന്നും വ്യത്യസ്തമായി ഈ സർവ്വകലാശാലയിൽ സീനിയർ ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ/ അഫിലിയേഷൻ), ഡയറക്ടർ (ഫിനാൻസ്) ഡയറക്ടർ, (അക്കാദമിക്) ഡയറക്ടർ (റിസർച്ച്), ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് മുതലായ തസ്തികകളാണ് ഉള്ളത്. |
| (സി) | നിയമനങ്ങൾ നടത്തുന്നത് വ്യവസ്ഥാപിത രീതിയിലല്ലെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സർവകലാശാലയിൽ നിന്ന് വിവരം തേടിയിട്ടുണ്ടോ; ഇതേക്കുറിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ ? | (സി) | നിയമനങ്ങൾ നടത്തുന്നത് വ്യവസ്ഥാ പിത രീതിയിൽ അല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

*സെക്ഷൻ ഓഫീസർ*